بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 28/08/2015

**(12 DHUL QADDAH 1436 HIJRI)**

**Hazrat Khalifathullah Munir Ahmad Azim (A)**

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വദ്, സൂറഃഅൽഫാത്തിഹാ ഓതിയ ശേഷം പറഞ്ഞു.

هَٰذَا بَصَٰٓئِرُ لِلنَّاسِ وَهُدًى وَرَحْمَةٌ لِّقَوْمٍ يُوقِنُونَ ۝ أَمْ حَسِبَ ٱلَّذِينَ ٱجْتَرَحُوا۟ ٱلسَّيِّـَٔاتِ أَن نَّجْعَلَهُمْ كَٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ سَوَآءً مَّحْيَاهُمْ وَمَمَاتُهُمْ ۚ سَآءَ مَا يَحْكُمُونَ ۝ وَخَلَقَ ٱللَّهُ ٱلسَّمَٰوَٰتِ وَٱلْأَرْضَ بِٱلْحَقِّ وَلِتُجْزَىٰ كُلُّ نَفْسٍۭ بِمَا كَسَبَتْ وَهُمْ لَا يُظْلَمُونَ ۝

ഇത് (ഈ ഗ്രന്ഥം) മനുഷ്യകുലത്തിന് സ്പഷ്ടമായ തെളിവുകൾ ഉൾക്കൊള്ളുന്നതും ദൃഢ വിശ്വാസത്തെ കൈക്കൊള്ളുന്ന ജനങ്ങൾക്ക് ഒരു മാർഗ്ഗദർശകവും അനുഗ്രഹവുമാകുന്നു. എന്ത്? ദുഷ്കർമ്മങ്ങൾ പ്രവർത്തിച്ചവരെ, വിശ്വസിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവരെ പോലെ-അവരുടെ ജീവിതവും മരണവും തുല്യമായ നിലയിൽ നാം ആക്കുമെന്ന് അവർ ധരിച്ചു വച്ചിട്ടുണ്ടോ? അവർ വിധിക്കുന്നത് വളരെ ചീത്തയായതു തന്നെ. അല്ലാഹു ആകാശങ്ങളെയും ഭൂമിയേയും ന്യായ യുക്തമായ നിലയിൽ സൃഷ്ടിച്ചിരിക്കുന്നു. തൽഫലമായി ഓരോ ആൾക്കും അയാൾ സമ്പാദിച്ചതനുസരിച്ച് പ്രതിഫലം നൽകപ്പെടുന്നതാണ്. അവരോട് അനീതി കാണിക്കപ്പെടുകയുമില്ല.(45:21-23)

ഒന്നാം വചനത്തിൽ (21-ാം വചനത്തിൽ) അല്ലാഹു (ത) പറയുന്നു. ഖുർആനും, ഖുർ ആന്റെ വാക്കുകളും മാനവകുലത്തിന് വ്യക്തമായ തെളിവുകൾ/ദൃഷ്ടാന്തങ്ങൾ ഉൾക്കൊള്ളുന്നു എന്ന്! ഒരാൾ സശ്രദ്ധം അതിലെ ഏതെങ്കിലും ഒരു വിഷയം പഠന വിഷയമാക്കിയാൽ അതായത് അയാളിൽ തഖ്‌വ ഉണ്ടായിരിക്കണം, അതായത് അല്ലാഹുവിനെ ഭയപ്പെടുക, ധർമ്മനിഷ്ഠയിൽ അധിഷ്ടിതമായ ജീവിതം കാംക്ഷിക്കുക. അത്തരം ഒരാൾക്ക് നിശ്ചയമായും വ്യക്തമായ തെളിവുകൾ ലഭിക്കുന്നതാണ്. എന്നിട്ട് അല്ലാഹു (ത) പറയുന്നു. വിശ്വാസികൾക്ക് ഇതൊരു അനുഗ്രഹവും മാർഗ്ഗ ദർശനവുമാകുന്നു. അതായത് ഈമാൻ (വിശ്വാസം) ഉള്ളവർക്ക് ! അവർക്ക് ഈ ഗ്രന്ഥത്തിൽ ഒരു ഉറപ്പ് ഉണ്ടായിരിക്കണം; ഇതിലെ വാക്കുകളിലും! അടുത്ത വചനത്തിൽ (22-ാം വചനത്തിൽ) അല്ലാഹു (ത) പറയുന്നു എന്ത് ? ദുഷ്കർമ്മങ്ങൾ പ്രവർത്തിച്ചവരെ, വിശ്വസിക്കുകയും സൽകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവരെ പോലെ-അവരുടെ ജീവിതവും മരണവും തുല്യമായ നിലയിൽ നാം ആക്കുമെന്ന് അവർ ധരിച്ചു വച്ചിട്ടുണ്ടോ ? മറ്റൊരു തരത്തിൽ പറഞ്ഞാൽ വിശ്വസിക്കുകയും സത് ജീവിതം നയിക്കുകയും ചെയ്യുന്നവരെയും, അവിശ്വസിക്കുകയും ദുഷിച്ച ജീവിതം നയിക്കുന്നവരെയും ഒരുപോലെയാണ് നാം കൈകാര്യം ചെയ്യുന്നതെന്ന് നിങ്ങൾ ധരിച്ചുവശായോ ? അല്ല. ഒരിക്കലുമല്ല. വിശ്വാസികളെ അവരുടെ നല്ല പ്രവർത്തനങ്ങൾമൂലം അല്ലാഹു ഈ ലോകത്തു വച്ചുതന്നെ വേർതിരിക്കുന്നതാണ്. മറ്റെല്ലാ ആളുകളിൽ നിന്നും അവരെ മാറ്റി നിർത്തുന്നതാണ്. നിശ്ചയമായും അത്തരം ഒരു നടപടി ക്രമം / സമീപനം തുടർന്നു കൊണ്ടിരിക്കുന്നതാണ്.

യഥാർത്ഥ വിശ്വാസികൾക്കായി അല്ലാഹു (ത) പ്രത്യേക സജ്ജീകരണങ്ങൾ ഒരുക്കുന്നതാണ്. ദുഷ് ചെയ്തികൾ ചെയ്യുന്നവരെ പ്രത്യേക രീതിയിലും അല്ലാഹു (ത) കൈകാര്യം ചെയ്യുന്നതാണ്! ഇരു വിഭാഗക്കാർക്കും ഭിന്നവും പ്രത്യേകം പ്രത്യേകം പെരുമാറ്റങ്ങളുമായിരിക്കും. ഈ പെരുമാറ്റം സസൂക്ഷ്മം വിശക

ലനം ചെയ്താൽ തിരിച്ചറിയുവാൻ കഴിയുന്നതാണ് ! അല്ലാഹുവിന്റെ ദാസന്മാരുടെ പെരുമാറ്റവും അവർക്ക് ലഭിക്കുന്നതും മനസ്സിലാക്കുവാൻ കഴിയും! അതുപോലെ ഇബ്‌ലീസിന്റെ ആളുകൾ ആരാണെന്നും അവർക്ക് ലഭിക്കുന്നതും അറിയുവാൻ കഴിയുന്നതാണ്! എന്നിട്ട് അല്ലാഹു പറയുന്നു. ഒരു വ്യത്യാസവുമില്ലാതെ എല്ലാവർക്കും ഒരു പോലെയാണ് അല്ലാഹു നൽകുന്നതെന്ന് നിങ്ങൾ ചിന്തിക്കുകയാണെങ്കിൽ, അത് നിങ്ങളിൽ നിന്നുള്ള മോശം ആശയം തന്നെയാണ്. ഇത് നിങ്ങൾക്ക് ഒരു വിജയവും കൊണ്ടു വരാത്ത തീരുമാനമാണ്. അല്ലാഹു ഉപയോഗിച്ച വാക്കിൽ, അവൻ പറഞ്ഞു.**"അവർ വിധിക്കുന്നത് വളരെ ചീത്തയായതു തന്നെ!"** അവരുടെ തെറ്റായ വിധിയോടൊപ്പം, ഈ ദൈവീക വാക്കിൽ, മറ്റുചില പ്രശ്നങ്ങളും കുടികൊള്ളുന്നുണ്ട്. ഈ തെറ്റായ വിധിമൂലം, വളരെയധികം കുഴപ്പങ്ങൾ മതലോകത്തും ഭൗതികലോകത്തും സൃഷ്ടിക്കപ്പെടുന്നു.

അടുത്ത വചനത്തിൽ (23-ാം വചനത്തിൽ) അല്ലാഹു (ത) പറയുന്നു.**"അല്ലാഹു (ത) ആകാശങ്ങളേയും ഭൂമിയേയും ന്യായയുക്തമായ നിലയിൽ സൃഷ്ടിച്ചിരിക്കുന്നു."** ന്യായത്തിനും അക്രമത്തിനും ഒരിക്കലും ഒരുമിച്ചു മുന്നോട്ടു പോകുവാൻ സാധ്യമല്ല. അവ തമ്മിൽ ഐക്യമില്ല ! ഇതുകൊണ്ട് അർത്ഥമാക്കുന്നത് ആകാശങ്ങളെയും ഭൂമിയേയും ന്യായയുക്തമായ നിലയിൽ അല്ലാഹു സൃഷ്ടിച്ചപ്പോൾ, അതിൽ ആ സൃഷ്ടിപ്പിൽ ഒരപാകതയുടെയും ചോദ്യം ഉയരുന്നില്ല. ആയതിനാൽ മതലോകത്ത് എങ്ങനെയാണ് സാധ്യമാകുന്നത്. അതായത് നല്ലവരോടൊപ്പം മോശമായവരെയും ഒരുമിച്ച് പാർപ്പിക്കുക എന്നത് ! ഈ വാക്ക് നിങ്ങൾ എപ്പോഴും കേൾക്കുന്നതാണ്. സത്യവും അസത്യവും ഒരുമിച്ച് പോവുകയില്ല. സത്യവും അസത്യവും ഒരുമിച്ച് കഴിയുകയുമില്ല! അല്ലാഹു പറയുന്നു. ഓരോ ആത്മാവിനും നീതിപൂർവ്വം പ്രതിഫലം നൽകുന്നതാണ്. അവർ സമ്പാദിച്ചത് അവർക്ക് കിട്ടും. അവരോട് അനീതി കാണിക്കപ്പെടുകയില്ല. ചുരുക്കത്തിൽ അനീതി സത്യവുമായി സമരസപ്പെടുകയില്ല. സത്യത്തിൽ നീതിയെന്നത് സത്യത്തിന്റെ ഒരു ഗുണവിശേഷമാണ്.

ഈ ഖുർആനിക വചനങ്ങളിൽ വളരെ ഗൗരവമേറിയതും വിശാലമായതുമായ വിഷയങ്ങൾ അന്തർലീനമായിരിക്കുന്നു. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ ശിക്ഷണത്തിനായി, ജമാഅത്ത് അഹ്‌മദിയായും, പൊതു ഇസ്ലാമികലോകവും ഞാൻ പാരായണം ചെയ്ത ഈ വചനങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്.! ഇതിന് ആഴത്തിലുള്ള പഠനം ആവശ്യമാണ്. നിങ്ങൾ മനസ്സിലാക്കുക നിങ്ങളുടെ സുഖ സൗകര്യങ്ങൾക്കുപരി നിങ്ങളുടെ സഹോദരങ്ങളുടെ സുഖസൗകര്യങ്ങൾക്ക് മുൻഗണന നൽകുക! അല്ലാഹുവുമായി നിങ്ങൾ യഥാർത്ഥമായ നിലയിൽ സന്ധിയിലാവുക! അവനെ അനുസരിക്കുന്നതിലേക്ക് നിങ്ങൾ മടങ്ങുക! അല്ലാഹുവിന്റെ കോപം ഭൂമയിലേക്ക് ഇറങ്ങുന്നതാണ്! സമ്പൂർണ്ണമായി പാപങ്ങളിൽ നിന്നും, പശ്ചാത്തപിക്കുകയും, അല്ലാഹുവിന്റെ തിരുമുൻപിൽ ആഗതരാകുകയും ചെയ്താൽ, അവർ അക്കൂട്ടർ ദൈവീക ശിക്ഷയിൽ നിന്ന് രക്ഷപ്പെടുന്നതാണ്! നിങ്ങൾ അത്തരത്തിലുള്ളവരായി തീരാൻ ആഗ്രഹിക്കുന്നെങ്കിൽ, നിങ്ങളുടെ സുഖസൗകര്യങ്ങളെക്കാൾ നിങ്ങളുടെ സഹോദരങ്ങളുടെ സുഖസൗകര്യങ്ങൾക്ക് മുൻ ഗണന നൽകുക! മറ്റൊരു വാക്കിൽ പറഞ്ഞാൽ, ഇതെല്ലാം നിങ്ങൾ ചെയ്യുന്നത് നിങ്ങളുടെ സൃഷ്ടാവിനോടുള്ള സ്നേഹം കൊണ്ടായിരിക്കണം! ഇങ്ങനെയായിരിക്കണം നിങ്ങൾ അല്ലാഹുമായി പരിപൂർണ്ണമായി സമരസപ്പെട്ടു പോകേണ്ടത്. അല്ലാഹുവിന്റെ തൃപ്തിക്കായി, സന്ധിക്കായി മുന്നോട്ട് വരിക, അങ്ങനെയായാൽ ഇസ്ലാമിക സംഘം വീണ്ടും ഒന്നായി തീരുന്നതാണ്; വിഭാഗീയത ഉണ്ടായിരിക്കില്ല; ഐക്യം മാത്രം നിലനിൽക്കും! ഇസ്ലാമിലെ എല്ലാ ജമാഅത്തുകൾക്കും ഇത് ബാധകമാണ്. ജമാഅത്തുസ്സഹീഹിൽ ഇസ്ലാം, ജമാഅത്തു അഹ്‌മദിയ, (അതിലെ മറ്റെല്ലാ കക്ഷികളും) ജമാഅത്ത് അഹ്‌മദിയ്യാ അൽ മുസ്‌ലിമിൻ, ജൻബാഹ് സാഹിബിന്റെ ജമാഅത്ത് തുടങ്ങി മറ്റു പലതും. അങ്ങനെ എല്ലാ ജമാഅത്തുകളും അല്ലാഹുവിന്റെ തൃപ്തിക്കായി, അല്ലാഹുവിന്റെ തൃപ്തിക്കായി നിങ്ങളുടെ ഇഷ്ടങ്ങൾ ത്യജിക്കുക. (ഞാനെന്ന ഭാവമില്ലാതെ, പരുഷ പ്രവർത്തികൾ ഒന്നുമില്ലാതെ, വിഭാഗീയതയില്ലാതെ, തുടങ്ങിയവ) അങ്ങനെ നിങ്ങളുടെ സുഖത്തിന്റേയും സമാധാനത്തിന്റെയും മേൽ നിങ്ങളുടെ സഹോദരങ്ങളുടെ സുഖത്തിനും സമാധാനത്തിനും പരിഗണന നൽകിയുള്ള സന്ധിയാണ് /അനുരഞ്ജനമാണാവശ്യം! ആയതിനാൽ, നിങ്ങളുടെ സഹോദരങ്ങളുടെ ഹൃദയങ്ങൾക്ക് മുറിവേൽപ്പിക്കാതെ ആയിരിക്കണം

നിങ്ങൾ ഇത് ചെയ്യേണ്ടത്! നിങ്ങളുടെ പെരുമാറ്റം അങ്ങനെ തന്നെയായിരിക്കണം. നിങ്ങളുടെ അധികാരം നിങ്ങൾ കാണിക്കരുത്. പരുഷമായി പെരുമാറരുത്. അവരോട് സംസാരത്തിൽ സൗമ്യത കാണിക്കുക. പരുഷമായി പെരുമാറരുത് അങ്ങനെയായാൽ അവർ നിങ്ങളുടെ പരിസരങ്ങളിൽ നിന്ന് പൊയ്ക്കളയും! നിങ്ങൾ ഇപ്രകാരം പരുഷമായി പെരുമാറിയാൽ, നിങ്ങളും ഇബ്ലീസിന്റെ ഗണത്തിലേക്ക് വീണു പോകുന്നതാണ്; നിങ്ങളും അവന്റെ ഭാഗമായി മാറുന്നതാണ്.

നിങ്ങളുടെ സ്യഷ്ടാവിനെ അനുസരിക്കുന്നവരിൽ നിങ്ങൾ ആവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, തഖ്വ ഉള്ളവരോടൊപ്പം നിൽക്കുക! നിങ്ങൾ എന്ത് ചെയ്യുന്നുവോ അത്, അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി മാത്രമായിരിക്കണം, അപ്പോൾ നിങ്ങൾ നിങ്ങളുടെ സുഖസൗകര്യങ്ങളേക്കാൾ ഉപരി നിങ്ങളുടെ സഹോദരങ്ങളുടെ സുഖസൗകര്യങ്ങൾക്കായിരിക്കും മുൻഗണന കൊടുക്കുന്നത്. അങ്ങനെയായാൽ അല്ലാഹു (ത) നിങ്ങളെ തെരഞ്ഞെടുക്കുന്നതാണ്, നിങ്ങൾ എവിടെയാണോ അവിടെ! നിങ്ങളുടെ സുഖ സൗകര്യങ്ങൾക്കുപരി, ലോകത്തിന്റെ സുഖ സൗകര്യങ്ങൾക്കായി മുൻഗണന നൽകുക! ആയതിനാൽ ഇത് ആദ്യം നിങ്ങളുടെ സഹോദരങ്ങൾക്കായി നിങ്ങൾ ചെയ്ത് പരിശീലിക്കണം. നിങ്ങളുടെ സഹോദരങ്ങൾക്കായി, നിങ്ങളെക്കാൾ കൂടുതൽ സുഖ സൗകര്യങ്ങൾ ഒരുക്കുവാൻ കഴിയുന്നില്ലെങ്കിൽ, നിങ്ങൾക്ക് ഈ യാത്ര തുടരുവാൻ സാധ്യമല്ല. ആയതിനാൽ എന്നെ സംബന്ധിച്ചിടത്തോളം ഈ വിഷയം വളരെ പ്രാധാന്യമർഹിക്കുന്നതാണ്. വിശദീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിന് അഗാധമായ അർത്ഥങ്ങൾ ഉണ്ട്. ഈ വാക്കുകളുടെ ആഴങ്ങൾ മനസ്സിലാക്കുവാൻ ശ്രമിക്കുക! ഈ ലോകത്ത് വന്നവർ, അല്ലാഹുവിന് വേണ്ടി ചെലവഴിക്കുവാൻ ലക്ഷ്യമിട്ടവർ, തങ്ങളുടെ സുഖ സൗകര്യങ്ങൾക്കുപരി ലോകത്തിന്റെ സുഖസൗകര്യങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്. നിങ്ങളുടെ സുഖ സൗകര്യങ്ങൾ അപകടത്തിലാണെങ്കിൽ പോലും, നിങ്ങളുടെ സുഖസൗകര്യങ്ങൾ നിങ്ങൾ ത്യജിച്ചാലും വേണ്ടില്ല, ജനങ്ങളുടെ സുഖ സൗകര്യങ്ങൾക്കായി, ക്ഷേമത്തിനായി നിങ്ങളെ സമർപ്പിക്കുക.

അതിനിടയിൽ ഒരു സംഭവം പറയുവാൻ ആഗ്രഹിക്കുന്നു. സത്യത്തിൽ എന്റെ ഒരു അനുയായി ചോദിച്ച ചോദ്യമാണിത്! ഞാൻ മഡഗാസ്കറിൽ നിന്നും മടങ്ങുന്ന വഴി എയർപോർട്ടിൽ നിന്നും മൗറീഷ്യസിനു വടക്കുള്ള എന്റെ വീട്ടിലേക്ക് വരികയായിരുന്നു. ആ വിഷയം ഇതിനു മുമ്പ് വിശദീകരിച്ചിട്ടുള്ളതാണ്. ചോദ്യം ഇതായിരുന്നു " നിങ്ങൾ ഖലീഫത്തുൽ മസീഹ് 5-ാമനായിരുന്നുവെങ്കിൽ, ഖലീഫത്തുൽ മസീഹ് 5-ാമൻ മസ്റൂർ സാഹിബ് ഖലീഫത്തുല്ലാഹുമായിരുന്നുവെങ്കിൽ നിങ്ങൾ എന്ത് ചെയ്യുമായിരുന്നു ? ഞാൻ ആ വ്യക്തിയോട് പറഞ്ഞു ഇതൊരു നല്ല ചോദ്യം തന്നെയാണ്. എന്റെ മുൻഗണന (ഖലീഫത്തുൽ മസീഹ് എന്ന നിലയിൽ), എന്തു തന്നെ സംഭവിച്ചാലും ശരി, എന്റെ ജീവൻ അപകടത്തിലായാലും ശരി, (ശഹീദാകേണ്ടി വന്നാലും ശരി) ജനങ്ങൾ നൽകിയ എല്ലാ സുഖ സൗകര്യങ്ങളും ഞാൻ ത്യജിക്കുന്നതാണ്, ഈ സ്ഥാനത്തേക്കവർ ഉയർത്തിയപ്പോൾ നൽകിയതാണത്! അല്ലാഹു തെരഞ്ഞെടുത്ത ആളിന് ഞാൻ നിശ്ചയമായും മുൻഗണന കൊടുക്കുന്നതാണ്; പ്രത്യേകിച്ച് അദ്ദേഹം അല്ലാഹുവിന്റെ ഖലീഫയാണെന്ന് ഔദ്യോഗികമായി പ്രഖ്യാപിച്ച ശേഷം; അദ്ദേഹം ആഗതനായിരിക്കുന്നത് പരിശുദ്ധാത്മാവുമായാണ് (റൂഹുൽ ഖുദ്സു)

ആയതിനാൽ, വെള്ളിയാഴ്ച ഖുത്തുബയുടെ തുടക്കത്തിൽ തന്നെ ഞാൻ പറഞ്ഞതാണ് സത്യവും അസത്യവും ഒരുമിച്ച് നിൽക്കുകയില്ല. അത് കൂട്ടി കുഴക്കാനും സാധ്യമല്ല. അനേകർ തഖ്വയെക്കുറിച്ച് സംസാരിക്കുന്നുണ്ട്. സത്യത്തിൽ, അല്ലാഹുവിന്റെ ഒരു പ്രതിനിധി വരുന്നതിലൂടെയാണ്, ഒരു വ്യക്തിയുടെ തഖ്വ നമുക്ക് അറിയുവാൻ കഴിയുന്നത് ! അതോടൊപ്പം ഞാൻ എന്റെ അനുചരന്മാരോട് പറയുകയുണ്ടായി. 2003 ലെ സഫർ ദിക്ഖുല്ലാഹ് യെ പറ്റി ചിന്തിക്കുക. ഞാൻ അപ്പോൾ എന്റെ സുഖ സൗകര്യങ്ങൾക്ക് മുൻഗണന നൽകിയില്ല; അല്ലാഹുവിന്റെ മാർഗ്ഗത്തിൽ; ഒരു പ്രത്യേക വ്യക്തിയോട് എനിക്ക് വളരെ വലിയ ബഹുമാനമായിരുന്നു; കാരണം മതരംഗത്ത് അദ്ദേഹത്തിന് എത്രത്തോളം അറിവ് ഉണ്ടായിരുന്നുവെന്ന് എനിക്കറിയാമായിരുന്നു. അദ്ദേഹം 9 വർഷക്കാലം അമീർ ആയി സേവനമനുഷ്ടിച്ചിട്ടുണ്ട്. (ഇമാം സഫറുല്ലാഹ് ഡൊമൂൺ) , ലോകത്തിലാദ്യമായി അല്ലാഹു (ത) എനിക്ക് നൽകിയ ഈ ദൈവീക അനുഗ്രഹം ഞാൻ അദ്ദേഹത്തിന് സമർപ്പിച്ചു.

ഈ വിഷയം ഞങ്ങൾ കൈകാര്യം ചെയ്യുമ്പോൾ, 2015 ആഗസ്റ്റ് 23 ഞായറാഴ്ച തഹജ്ജുദ് നമസ്ക്കാരത്തിന് മുൻപ് ഞാൻ കണ്ട ഒരു സ്വപ്നത്തെപ്പറ്റി പ്രതിപാദിക്കേണ്ടതായിട്ടുണ്ട്. ഇത് ദൈർഘ്യമുള്ള ഒരു സ്വപ്നമായിരുന്നു. നാമിന്ന് പരിഗണിക്കുന്ന സ്വപ്ന ഭാഗം താഴെപറയും പ്രകാരമാണ്. ഒരു കാറിൽ ഇമാം സഫറുല്ലാഹ് ഡൊമൂണിനോടൊപ്പം ഞാൻ എന്നെ വീണ്ടും കണ്ടു. അദ്ദേഹം കണ്ട ഒരു ദർശനം എന്നോട് പറയുകയായിരുന്നു. അദ്ദേഹം ആ ദർശനത്തിൽ കൂടുതലായി ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കുന്നു. പാപപ്പൊറുതിക്കായി അദ്ദേഹം ഈ ദുആ ചെയ്തുകൊണ്ടിരിക്കുന്നു. യാ അല്ലാഹ്! നീ പൊറുത്തു കൊടുക്കുന്നവനാണ്, പൊറുത്തു കൊടുക്കുന്നത് നീ ഇഷ്ടപ്പെടുന്നു. ആയതിനാൽ നീ എനിക്ക് പൊറുത്തു തന്നാലും ! ഈ ദു ആ ചെയ്ത ശേഷം, ദർശനത്തിൽ അദ്ദേഹം ചെയ്തത് പോലെ ഞാൻ ആമീൻ പറഞ്ഞു. ഞാൻ ആമീൻ പറഞ്ഞ ഉടനെ സ്വർഗ്ഗത്തിൽ നിന്നും അല്ലാഹുവിന്റെ ശബ്ദം കേട്ടു. ആ ശബ്ദം ഇങ്ങനെ ആയിരുന്നു ഞാൻ ഈ ദുആ സ്വീകരിച്ചിരിക്കുന്നു. (ഞാൻ ഈ ആമീൻ പറഞ്ഞതിലൂടെ, എനിക്കു മനസ്സിലാക്കി തന്നു അദ്ദേഹത്തിന്റെ ദു ആ അല്ലാഹു സ്വീകരിച്ചിരിക്കുന്നു എന്ന്)

ഈ സ്വപ്നം ദൈവീക ദൃഷ്ടാന്താരംഭത്തിലെ, ഒരു സ്വപ്നത്തിലേക്ക് എന്നെ കൊണ്ടു പോയി. ആ സ്വപ്ന വിവരം ഞാൻ ഇമാം സഫറുല്ലാഹ് ഡൊമൂണുമായി പങ്കുവെച്ചിട്ടുള്ളതാണ്. ആ സ്വപ്നത്തിൽ ഞങ്ങൾ രണ്ടു പേരും ഒരു കുതിരപ്പുറത്തായിരുന്നു. പെട്ടെന്ന് ആരോ ഞങ്ങളുടെ കുതിരയെ രണ്ടായി മുറിച്ചു. കുറെകഴിഞ്ഞ്, ഈ രണ്ട് കഷ്ണങ്ങൾ (കുതിരയുടെ കഷ്ണങ്ങൾ) ഒന്നായി ചേർന്നു. അങ്ങനെ വീണ്ടും കുതിരയായി തീർന്നു.

ഞാൻ എന്റെ പ്രഭാഷണത്തിലേക്ക് മടങ്ങുന്നു. ഈ സന്ദർഭത്തിൽ എന്റെ ഭാഗത്തു നിന്നും ഇത്തരം ഒരു നടപടി ഉണ്ടായതു കണ്ട് സന്നിഹിതരായിരുന്നവരെല്ലാം സ്തംഭിച്ചു പോയി. (എന്തുകൊണ്ടെന്നാൽ എന്നെ സംബന്ധിച്ചടത്തോളം, ഞാൻ ചിന്തിച്ചതിങ്ങനെയാണ്, അദ്ദേഹം എല്ലാം ത്യാഗം ചെയ്ത ഒരു മനുഷ്യനാണ്, ഞങ്ങളെ രണ്ടു പേരെയും നിസാമെ, ജമാഅത്തിൽ നിന്നും പുറത്താക്കി, ആ സമയത്ത് അല്ലാഹു (ത) എനിക്ക് നൽകിയ എല്ലാ വെളിപാടുകളും അദ്ദേഹമാണ് കുറിച്ചു വച്ചത്!) എന്നാൽ ആ സ്ഥലത്ത് വച്ച് അല്ലാഹു (ത) അവന്റെ ക്രോധം പ്രകടമാക്കി. അവൻ എനിക്ക് കർക്കശമായ താക്കീതും നൽകി. ഞാനാണ് നിന്നെ തെരഞ്ഞെടുത്തത്; അല്ലാതെ മറ്റാരുമല്ല! അവിടെ സന്നിഹിതരായിരുന്നവർ സാക്ഷികളായി. ഈ സന്ദേശം എന്നിൽ എങ്ങനെ വന്നു എന്നും തുടർന്നു അവർ പരിഭ്രാന്തരായി, വിഷമത്തിലുമായി. എന്നെ സംബന്ധിച്ചിടത്തോളം വ്യക്തിപരമായി, ഈ സന്ദേശം എന്നെ അത്ഭുതപ്പെടുത്തി; ഞാൻ ദുഃഖിതനുമായി; എന്നാൽ അതിനെത്തുടർന്ന് പെട്ടെന്ന് തന്നെ, ദൈവീക ശിക്ഷാ ശാസനയെ ഭയന്ന് ഞാൻ ഇസ്തിഗ്ഫാർ ചെയ്യാൻ തുടങ്ങി. വളരെ നേരം കണ്ണുനീരോടുകൂടി എന്റെ റബ്ബിന്റെ സന്നിധിയിൽ അത് തുടർന്നു. ഇത്തരം സാഹചര്യങ്ങൾ തികച്ചും ഭിന്നമാണ്! എന്തെന്നാൽ ഇവിടെ അല്ലാഹുവാണ് തന്റെ ദാസനെ തെരഞ്ഞെടുക്കുന്നത്; അല്ലാഹുവിന്റെ ദാസനെ ചോദ്യം ചെയ്യുന്നതും അവനാണ്; ആ സ്ഥലത്ത് മറ്റൊരാൾക്ക് അതിന് കഴിയുകയില്ല.

അല്ലാഹുവിൽ നിന്ന് ഒരാൾക്ക് ലഭിക്കുന്ന പദവികൾ, അത്, ആ വിഷയം അടിസ്ഥാനപരമായിട്ടുള്ളതാണ്. ഒരു വ്യക്തി തന്റെ സുഖവും സന്തോഷവും മറ്റു സഹോദരങ്ങൾക്കായി ത്യാഗം ചെയ്യുമ്പോൾ അല്ലാഹു(ത) അത്തരം വ്യക്തിയെ തന്നിലേക്ക് ആകർഷിക്കുന്നു. അത്തരം ഒരു യാത്ര ആരംഭിക്കുവാൻ പ്രവാചകത്വത്തോളം എത്തിച്ചേരേണ്ട ആവശ്യമൊന്നുമില്ല. അല്ല, അവരുടെ പ്രവാചകത്വത്തിന്റെ മുമ്പു പോലും, എല്ലാ പ്രവാചകന്മാരും അത്തരം യാത്രകൾ ആരംഭിച്ചിട്ടുണ്ട്. അല്ലാഹു (ത) അവരെ തെരഞ്ഞെടുക്കുന്നതിന് മുമ്പ് തന്നെ അവർ അത്തരം ഗുണങ്ങൾ കാട്ടിയിട്ടുള്ളവരായിരിക്കും. അതിന്റെ ഏറ്റവും നല്ല തെളിവ്, മുഹമ്മദ് (സ) ന്റെ പ്രവാചകത്വത്തിന്റെ മുമ്പുള്ള ജീവചരിത്രം നാം പഠിക്കുമ്പോൾ മനസ്സിലാകുന്നതാണ്. തന്റെ സുഖസൗകര്യങ്ങൾക്കുപരി മറ്റുള്ളവരുടെ സുഖസൗകര്യങ്ങൾക്ക് മുൻഗണന നൽകിയതെങ്ങനെയെന്ന് നമുക്ക് മനസ്സിലാകും. അങ്ങനെയാണ് അദ്ദേഹത്തെ അല്ലാഹു(ത) തന്നിലേക്ക് ആകർഷിച്ചത്. അല്ലാഹു (ത) അദ്ദേഹത്തിൽ ഈ ഗുണം ക്രമേണ വളർത്തുകയുണ്ടായി. അങ്ങനെ അത് പാരമ്യതയിലെ

ത്തി. ഈ ഗുണം അല്ലാഹു ഏറ്റവുമധികം ഇഷ്ടപ്പെടുന്നതാണ്. ഈ ഗുണമില്ലാതെ നിങ്ങൾക്ക് ഈ ലോകത്തെ സംസ്ക്കരിക്കുവാൻ സാധ്യമല്ല. ഈ ഗുണമില്ലാത്തവർ പ്രവാചകത്വത്തിൽ നിന്ന് വിദൂരപ്പെടുന്നതാണ്. പ്രവാചകത്വത്തെ പിന്തുടരുന്നവരിൽ നിന്നും ദൂരപ്പെടുന്നതാണ്.

ആയതിനാൽ ഈ വിഷയം വളരെ നന്നായി നിങ്ങൾ മനസ്സിലാക്കേണ്ടതായിട്ടുണ്ട്. തെറ്റുകളിൽ ആഴ്ന്നു കിടക്കുന്നവരിൽ നിന്നും നിങ്ങൾ മാറിപ്പോവുകയും, അകലം പാലിക്കുകയും ചെയ്യേണ്ടതുണ്ട്. അല്ലാഹു (ത) പറഞ്ഞ, വിശ്വാസികളായും, നല്ല പ്രവർത്തനങ്ങൾ ചെയ്യുന്നവരായും തീരേണ്ടതാണ്; ആ സംഘത്തിലുമായിരിക്കണം.

ആയതിനാൽ, നിങ്ങൾക്ക് യഥാർത്ഥത്തിൽ അല്ലാഹുവിലും അവന്റെ സന്ദേശത്തിലും വിശ്വാസമുണ്ടെങ്കിൽ നിങ്ങൾ നിങ്ങളുടെ സ്വന്തം സുഖസൗകര്യങ്ങൾക്കുപരി നിങ്ങളുടെ സഹോദരങ്ങളുടെ സുഖസൗകര്യങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്. നിങ്ങൾ അവർക്ക് സമാധാന സൗഖ്യം നൽകേണ്ടതാണ്. ശാന്തത നൽകേണ്ടതാണ്. സ്നേഹം നൽകേണ്ടതാണ്. ''എല്ലാവരോടും സ്നേഹം ആരോടുമില്ലാ വെറുപ്പ്'' എന്ന് ഫലകം എടുത്തു മാറ്റേണ്ടി വരരുത്. നിങ്ങളെപ്പോലെ അതേ വിശ്വാസത്തിൽ ഉണ്ടായിരുന്ന നിങ്ങളുടെ സഹോദരനെ അപമാനിക്കരുത്! നിസ്സഹകരണം ഏർപ്പെടുത്തരുത്! (സലാം മടക്കാതിരിക്കുക, അഭിവാദനങ്ങൾ നിരസ്സിക്കുക, ക്ഷണിക്കാതിരിക്കുക തുടങ്ങിയവ) രക്ത ബന്ധുക്കളുമായുള്ള എല്ലാ ബന്ധങ്ങളും അവസാനിപ്പിക്കുവാൻ പ്രേരിപ്പിക്കുക തുടങ്ങിയവ. അല്ലാഹുവിന് വേണ്ടിയാണോ നിങ്ങൾ ഇതെല്ലാം ചെയ്യുന്നത്? അതോ നിങ്ങളുടെ ഖലീഫയ്ക്ക് വേണ്ടിയോ ? (മനുഷ്യർ തെരഞ്ഞെടുത്ത)

അല്ലാഹുവിന് വേണ്ടി നിങ്ങൾ എന്തെങ്കിലും ചെയ്യുന്നുവെങ്കിൽ, അത് നിങ്ങളുടെ സുഖ സൗകര്യങ്ങൾക്കുപരി നിങ്ങളുടെ സഹോദരങ്ങൾക്ക് വേണ്ടി ചെയ്യുക! ആയതിനാൽ ഖലീഫത്തുൽ മസീഹ് അല്ലാഹുവിൽ നിന്നാണ് വന്നതെങ്കിൽ അദ്ദേഹം യഥാർത്ഥത്തിൽ ദൈവത്തിന്റെ പ്രതിനിധി ആയിരുന്നെങ്കിൽ, തന്റെ അനുയായികൾ ചെയ്യുന്ന ദുഷ്പ്രവർത്തികൾ ഒരു സെക്കന്റ് സമയം പോലും ക്ഷമിക്കുമായിരുന്നില്ല. അദ്ദേഹം ഹൃദയങ്ങളിൽ വെറുപ്പ് വിതയ്ക്കുമായിരുന്നില്ല! മറിച്ച് ഹൃദയങ്ങളിൽ യഥാർത്ഥ സ്നേഹം വിതയ്ക്കുമായിരുന്നു.

ആയതിനാൽ, ഇൻശാ അല്ലാഹ് ! അടുത്ത വെള്ളിയാഴ്ചയും ഇതേ വിഷയം വിശദീകരിക്കുന്നതാണ്! ഈ പ്രസംഗത്തിലെ ഉള്ളടക്കം ശരിക്കും ഗ്രഹിക്കുവാനുള്ള കഴിവ് അല്ലാഹു പ്രദാനം ചെയ്യട്ടെ! അവൻ തൃപ്തിപ്പെടുന്ന കാര്യങ്ങൾ ചെയ്യുവാനുള്ള തൗഫീഖ് നൽകട്ടെ! അവന്റെ സത്യ സേവകരായി നിങ്ങളെ അവൻ ദർശിക്കട്ടെ! ഈ നൂറ്റാണ്ടിലെ ഖലീഫത്തുല്ലാഹ്‌യുടെ യഥാർത്ഥ അനുയായികളായി അല്ലാഹു നിങ്ങളെ കണക്കാക്കട്ടെ! ഇൻശാ അല്ലാഹ്. ആമീൻ.

**Translated & Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

*****************